# 28. ചെർണോബില്ലിനെപ്പററി ഒരിക്കൽകൂടി

ഇന്ത്യയിലെ ആററമിക് എനർജി കമ്മീഷന്റെ ചെയർമാൻ ആയ ഡോ. രാജാരാമണ്ണ 1985 ഒക്ടോബർ 28—ാം തീയതി കൊച്ചി സർവ കലാശാലയിൽ ചെയ്ത 'അണുവൈദ്യുതിയുടെ അനിവാര്യത' എന്ന പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു:

'ഒരു ബോംബുപോലെ അണുവൈദ്യുതീനിലയം പൊട്ടിത്തെറിക്കുമോ? സൗമ്യമായി പറഞ്ഞാൽ, അത്തരം പ്രസ്താവങ്ങൾ ശുദ്ധനുണകളാണ്. ഞാൻ അങ്ങനെ പറയുന്നതുകൊണ്ടല്ല, അണുവിജ്ഞാനത്തിലെ ഏതു പ്രാഥമിക പാഠപുസ്തകവും നിങ്ങളോട് അങ്ങനെ പറയുമെന്നതുകൊണ്ട്. ഒരു മാളികയുടെ മുകളിൽനിന്നു ചാടിയാൽ ഒരാൾക്കു പറന്നു തുടങ്ങാൻ കഴിയുമെന്നു പറയുന്നതുപോലെയാണ് അതു്. അണുറിയാക്ടറിനകത്തു നടക്കുന്ന കാര്യങ്ങളെ നിയന്ത്രിക്കുന്നതു ഭൗതിക നിയമങ്ങളാണ്. റിയാക്ടറിനുള്ളിൽ താപം ഉയർന്നാൽ, പ്രതിപ്രവർത്തനപ്രക്രിയയുടെ ശക്തി കുറയും. അങ്ങനെ ശൃംഖലാപ്രതിപ്രവർത്തനംതന്നെ നിലച്ചുപോവും.'

ഇന്ത്യയിലെ ഏററവും പ്രശസ്തനായ അണുശാസ്ത്രജ്ഞൻ ആറുമാസം കൂടി കഴിഞ്ഞാണ് ആ പ്രസംഗം ചെയ്തിരുന്നതു് എങ്കിൽ, ഈ പരമ വിഡ്ഢിത്തം അദ്ദേഹം എഴുന്നെള്ളിക്കുമായിരുന്നില്ല. ഡോ. രാമണ്ണ കൊച്ചിയിൽ പ്രസംഗിച്ച് കൃത്യം നൂററിയെൺപതു ദിവസങ്ങൾ കഴിഞ്ഞപ്പോൾ, 1986 ഏപ്രിൽ 26—ാം തീയതി ആണ് ലോകത്തെ മുഴുവൻ നടുക്കിക്കൊണ്ടു് സോവിയററ് യൂണിയനിലെ 'ചെർണോബിൽ' എന്ന ചെറുനഗരത്തിലുള്ള അണുവൈദ്യുതീനിലയത്തിലെ നാലു റിയാക്ടറുകളിൽ ഒന്നു പൊട്ടിത്തെറിച്ചതു്. 'എല്ലാം തകർത്ത പൊട്ടിത്തെറി' എന്നു വിവരിക്കപ്പെട്ട ഈ സംഭവത്തെപ്പററി 1986 മെയ് 12-ലെ 'ന്യൂസ്‌വീക്ക്' വാരിക എഴുതി:

'അവിടെ ശരിക്ക് എന്തു നടന്നു എന്നു പുറമെയുള്ള ആർക്കും അറിഞ്ഞുകൂടാ....റിയാക്ടറിൽ ഇന്ധനദണ്ഡുകളിൽ അണുഭേദനം നടന്നുകൊണ്ടിരുന്നു. ഈ ദണ്ഡുകളെ തണുപ്പിക്കാൻ വെള്ളം ഒഴുകാത്തതിനാൽ താപം അതിവേഗം വർദ്ധിച്ചു. ഇത്തരം ഒരു 'അടിയന്തരാവസ്ഥ' ഉണ്ടായാൽ, റിയാക്ടറിൽ തനിയെ വെള്ളം നിറയുമെന്നും അതു തനിയെ പ്രവർത്തനരഹിതമാകുമെന്നുമാണു വെപ്പ്. ചേർണോബില്ലിൽ 'തനിയെ വെള്ളം നിറയൽ' ഉണ്ടായെങ്കിൽത്തന്നെ, ഉണ്ടായതു വളരെ വൈകിയിട്ടാവണം. താപം വർദ്ധിച്ചപ്പോൾ അവിടത്തെ യന്ത്രവ്യൂഹത്തിലെ വെള്ളം മുഴുവൻ ആവിയായി; റിയാക്ടറിന്റെ കേന്ദ്രത്തിലേക്കു വെള്ളം എത്തിക്കുന്ന സമ്മർദക്കുഴലുകളുടെ പുറംതോടിലൂടെ ഈ ആവി കരണ്ടുതിന്നുകടന്നു. സമ്മർദക്കുഴലുകൾക്കു ചുററുമുള്ള ഗ്രാഫൈററ്കട്ടകളുമായി ആവി പ്രതിപ്രവർത്തിച്ചു. ഉയർന്ന സ്ഫോടനശക്തിയുള്ള വാതകങ്ങൾ ഈ പ്രതിപ്രവർത്തനത്തിൽനിന്നു രൂപംകൊണ്ടു.... ഈ വാതകങ്ങൾ പൊട്ടിത്തെറിച്ചു. കെട്ടിടം തകർന്നുപോയി; ഗ്രാഫൈററിനു തീപിടിച്ചു; റിയാക്ടറിന്റെ കേന്ദ്രം (കോർ) പൊട്ടിത്തുറന്നു. കാററു തട്ടിയപ്പോൾ ഗ്രാഫൈററിലെ തീയിനു ശക്തികൂടി. അണുഭേദനം അപ്പോഴും തുടർന്നു നടന്നുകൊണ്ടിരുന്ന യുറേനിയം ഇന്ധനം ചൂടുപിടിച്ച് ഉരുകി. അണുപ്രസരണമുള്ള സൂക്ഷ്മവസ്തുക്കളും വാതകങ്ങളും അടങ്ങിയ ഒരു പുകമേഘം ആകാശത്തിൽ ഉയർന്നു.'

ഇതു് 'ന്യൂസ്‌വീക്കി'ൽ പ്രസിദ്ധംചെയ്ത മെയ് 12—ാം തീയതിയെങ്കിലും, ഡോക്ടർ രാജാരാമണ്ണ തന്റെ 'അണുവിജ്ഞാനത്തിലെ പ്രാഥമിക പാഠപുസ്തകം' തിരുത്തിയെഴുതിയിരിക്കുമെന്നു നമുക്കു വിശ്വസിക്കുക.

പക്ഷേ, കേരളത്തിലെ മന്ത്രിമാർക്കു് ഇതൊന്നും ഒരു കാര്യമല്ല. ശ്രീ ബാലകൃഷ്ണപിള്ളയ്ക്കുശേഷം ശ്രീ തച്ചടിപ്രഭാകരൻ എന്ന ധനമന്ത്രി കേരളത്തിൽ ഒരു അണുവൈദ്യുതീനിലയം സ്ഥാപിച്ചേ അടങ്ങൂ എന്ന വാശിയുമായി രംഗപ്രവേശംചെയ്തിരിക്കുന്നു. (1986 ആഗസ്റ്റ് 4—ാം തീയതിയിലെ 'മാതൃഭൂമി'യിൽ മന്ത്രിയുടെ 'ആണവനിലയം അനിവാര്യം' എന്ന തൃശ്ശൂർ പ്രസംഗത്തിന്റെ റിപ്പോർട്ട് നോക്കുക) അതിരിക്കട്ടെ. നമുക്കു് ചെർണോബില്ലിലേക്കുതന്നെ മടങ്ങാം. 'ന്യൂസ് വീക്ക്' (മെയ് 12) എഴുതുന്നു:

'അപകടത്തെ പരിമിതപ്പെടുത്തി നിർത്താൻ സോവിയററ് അധികൃതർ കഴിയുംവേഗം പ്രവൃത്തി ആരംഭിച്ചു. ചേർണോബില്ലിനു ചുററും പതിനെട്ടുമൈൽ മധ്യവിസ്‌തൃതിയുള്ള ഒരു വലയം സൃഷ്ടിച്ച്, അതിനകത്തേക്കു് എല്ലാവക്കും പ്രവേശനം നിഷേധിച്ചു. വിദഗ്ധർ ഹെലികോപ്ടറുകളിലും വിമാനങ്ങളിലും കയറി രംഗം നിരീക്ഷിച്ചു. അപകടം പററിയവരുടെ സഹായത്തിനു് ആരോഗ്യപ്രവർത്തകർ എത്തി. ഒരു സംഘം ശാസ്ത്രജ്ഞരും സാങ്കേതികവിദഗ്ധരുമൊത്തു ഡെപ്യൂട്ടി പ്രധാനമന്ത്രി ബോറിസ് ഷെർബിന സ്ഥലത്തു വന്നുചേർന്നു....മോസ്കോവിൽനിന്നു പ്രഖ്യാപനം ഒന്നും കൂടാതെതന്നെ, ചെർണോബിൽ നഗരത്തിൽനിന്നും ചുററുമുള്ള പ്രദേശത്തുനിന്നും 50,000 ആളുകളെ ഒഴിച്ചുമാററി. (ചെർണോബിൽ നഗരത്തിലെ ജനസംഖ്യ 25,000 മാത്രമായിരുന്നു) ഇതിനായി കീവ് നഗരത്തിലെ ബസ്സുകൾ ഉപയോഗപ്പെടുത്തിയതായി പാശ്ചാത്യ നിരീക്ഷകർ കരുതുന്നു. (ചെർണോബില്ലിൽനിന്നു് എൺപതുമൈൽ തെക്കാണു് കീവ് നഗരം.)'

ശനിയാഴ്ച രാത്രി ചെർണോബില്ലിൽ നടന്ന അപകടത്തെപ്പററി ആദ്യത്തെ സൂചനകൾ ലഭിച്ചതു തിങ്കളാഴ്ച രാവിലെയാണു്; അതും റഷ്യയിൽനിന്നു വളരെ അകന്നു കിടക്കുന്ന സ്വീഡനിൽ. അവിടെ 'ഫോർസ്മാർക്ക്' എന്ന സ്ഥലത്തുള്ള അണുവൈദ്യുതീനിലയത്തിൽ പതിവിലേറെ അണുപ്രസരം അനുഭവപ്പെട്ടു. സ്വീഡനിലെ മററു് അണുവൈദ്യുതീനിലയങ്ങളിലും പതിവായി ഉണ്ടാവാറുള്ളതിൽ നൂറിരട്ടിയിലേറെ അണുപ്രസരണം ഉള്ളതായി മനസ്സിലായപ്പോൾ, അതിന്റെ കാരണമെന്തെന്നു് അന്വേഷണമായി. തിങ്കളാഴ്ച വൈകുന്നേരമായപ്പോഴേക്കു്, ക്രിപ്‌ടോൺ, ക്സെനോൺ, അയഡിൻ, കേംബിയം, കോബാൾട്ട് മുതലായവയുടെ ഐസോടോപ്പുകൾ അടങ്ങിയ അണുപ്രസരണധൂളികൾ ആകാശത്തുനിന്നു വീഴുന്നതായി സ്വീഡൻകാർ കണ്ടുപിടിച്ചു. അതിനുശേഷമാണു്, പൊട്ടിത്തെറി നടന്നതു് സോവിയററ് റഷ്യയിലെ ചെർണോബില്ലിലാണെന്നു് അമേരിക്ക മനസ്സിലാക്കിയതു്. ചെർണോബിൽ സ്ഫോടനത്തെപ്പററി ഒരു സംക്ഷിപ്തവിവരണം സോവിയററ് ടെലിവിഷൻ പ്രക്ഷേപണംചെയ്തതു മൂന്നാം ദിവസം മാത്രമായിരുന്നു. നാലാം ദിവസമായപ്പോഴേക്കു കത്തിയെരിയുന്ന ചെർണോബിൽ അണുവൈദ്യുതീനിലയത്തിന്റെ ചിത്രങ്ങൾ ചാര—ഉപഗ്രഹങ്ങളിലൂടെ അമേരിക്ക സമ്പാദിച്ചു. പൊട്ടിത്തെറി നടന്നു് അഞ്ചാം ദിവസം സോവിയററ് ഗവണ്മെൻറ് പ്രസിദ്ധീകരിച്ച വാർത്തയിൽ, ചെർണോബില്ലിൽ രണ്ടുപേർ മരിക്കുകയും, 197 ആളുകളെ ആസ്പത്രികളിലാക്കുകയും അവരിൽ 49 പേരെ ഉടൻ വിട്ടയയ്ക്കുകയുംചെയ്തിട്ടുള്ളതായി പ്രസ്താവിച്ചു. നാല്പതോളം ആളുകൾക്കു് ആപല്ക്കരമായ തോതിൽ അണുപ്രസര

ണം ഏറ്റിട്ടുണ്ടെന്നു പിന്നീടു സോവിയററ് അധികൃതർ പ്രഖ്യാപിക്കുക യുമുണ്ടായി.

ചെർണോബില്ലിലെ പൊട്ടിത്തെറി യൂറോപ്പിൽ പരക്കെ ഉള വാക്കിയ സംഭ്രമത്തെപ്പററി, 1986 മെയ് 25—ലെ കുങ്കുമത്തിൽ ഞാൻ എഴുതിയ ലേഖനത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു: 'യൂറോപ്പിൽ എവിടെയെങ്കിലും ഒരു ആററംബോംബ് പൊട്ടിയെന്നു കേട്ടാൽ ഉളവാകുമായിരുന്നത്ര സംഭ്രമം (ചെർണോബില്ലിലെ പൊട്ടിത്തെറിയെ ത്തുടന്ന്) യൂറോപ്പിൽ പരക്കെ അനുഭവപ്പെട്ടു. ചെർണോബില്ലിൽനിന്നു ഉയർന്ന വിഷധൂളീമേഘം, അന്താരാഷ്ട്രീയ അതിർത്തികളം വകവയ്ക്കാ തെ ആദ്യം വടക്കോട്ട്, സ്വീഡൻെറയും നോർവേയുടെയും മുകളിലുള്ള ആകാശത്തിലേക്ക്, നീങ്ങി. സ്വീഡനിൽ വീണ മഴയിലും മഞ്ഞിലും ചാരത്തിലും സാധാരണയിൽ നൂറിരട്ടി അണുപ്രസരണമുള്ളതായി കാണ പ്പെട്ടുവത്രേ. ക്രമത്തിൽ ഈ വിഷമേഘം വീണ്ടും തെക്കോട്ടുതന്നെ സഞ്ചാ രം തുടങ്ങി. അതോടെ പോളണ്ടിലും കിഴക്കൻ ജർമനിയിലുമുള്ളവക്കാ യി ഭയം. ആയിരം കിലോമീററർ ദൂരെയുള്ള സ്ഥലങ്ങളിൽക്കൂടി ചെ ർണ്ണോബില്ലിലെ റിയാക്ടർ പൊട്ടിത്തെറിച്ചതിന്റെ ദുഷ്പ്രഭാവം അനുഭവപ്പെട്ടുവത്രേ. ജപ്പാനിലെ മഴവെള്ളത്തിലും അണുപ്രസരണമുള്ള തായി പിന്നീടു കണ്ടുപിടിക്കപ്പെട്ടു. അതായതു് ഭൂമിയുടെ അന്തരീക്ഷം ആകെ ഈ പൊട്ടിത്തെറിമൂലം മലിനമായി.'

1986 ജൂലൈ 27—ാം തീയതിയിലെ 'മോസ്കോ ന്യൂസ്' എന്ന വാരികയിൽ 'ചെർണോബില്ലിൻെറ പാഠങ്ങൾ' എന്നൊരു ചെറുലേ ഖനമുണ്ട്. ചെർണോബില്ലിലെ അണുവൈദ്യുതീനിലയത്തിലുണ്ടായ അപകടത്തെപ്പററി അന്വേഷിക്കാൻ ഗവണ്മെൻറ് നിയമിച്ച കമ്മി ഷൻെറ റിപ്പോർട്ടും, അപകടത്തിൻെറ ദുഷ്ഫലങ്ങൾ തടയുന്നതിനും അണുവൈദ്യുതീ എൻജിനീയറിങ്ങിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഗവണ്മെൻറ് കൈക്കൊണ്ട നടപടികളും സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിററിയുടെ പോളിററ് ബ്യൂറോ പ്രത്യേകയോഗം ചേർന്നു പരിശോധിച്ചതായി ഈ ലേഖനത്തിൽ പറയുന്നു. ലേഖനം തുടരുന്നു:

'ചെർണോബിൽ അണുവൈദ്യുതീനിലയത്തിലെ ഉദ്യോഗസ്ഥ ന്മാർ അണുവൈദ്യുതീനിലയപ്രവത്തനനിയമങ്ങളെ വലിയ തോതിൽ ഉല്ലംഘിച്ചതിൻെറ ഫലമാണു് അവിടെ നടന്ന അപകടമെന്നു സ്ഥാ പിക്കപ്പെട്ടിരിക്കുന്നു. അവരുടെ ഉത്തരവാദിത്തമില്ലായ്മയും അവഗണന യും അച്ചടക്കരാഹിത്യവും ഗൗരവാവഹങ്ങളായ ദുഷ്ഫലങ്ങൾ ഉള വാക്കി.

'അപകടത്തിൽ ഇരുപത്തെട്ട് ആളുകൾ മരിച്ചു. ഇരുനൂററിമൂന്ന് ആളുകൾക്ക് ഇപ്പോൾ അണുപ്രസരണരോഗം ഉള്ളതായി കണ്ടിരിക്കുന്നു. ഇവരിൽ മുപ്പതുപേർ ആസ്പത്രിയിൽ കിടക്കുന്നു. അപകടംമൂലം നേരി ട്ടുണ്ടായ നഷ്ടംമാത്രം ഇരുനൂറുകോടി റൂബിളോളമാണെന്നു കണക്കാക്കി യിട്ടുണ്ട്. (ഒരു റൂബിൾ: ഏകദേശം പതിമ്മൂന്നു രൂപ.)

'സ്റ്റേററിലെ ആററമിക് എനർജി ഇൻസ്പെക്ഷൻ കമ്മിഷൻെറ ചെയർമാനേയും രണ്ടു ഡെപ്യൂട്ടി മിനിസ്റ്റർമാരെയും റിസർച്ച് ആൻഡ് ഡിസൈനിങ് ഇൻസ്റ്റിററ്യൂട്ടിലെ ഒരു ഡെപ്യൂട്ടി ഡയറക്ട റെയും ജോലിയിൽനിന്നു ഡിസ്മിസ് ചെയ്തിരിക്കുന്നു. പാർട്ടി നിയ മമനുസരിച്ച് ഇവരെയും, സോവിയററ് യൂണിയനിലെ ഊർജ വ്യവസാ യ—വൈദ്യുതീകരണ മന്ത്രിയേയും കഠിനശിക്ഷയ്ക്കു വിധേയരാക്കിയി രിക്കുന്നു. അണുവൈദ്യുതീനിലയത്തിലെ മുൻ ഡയറക്ടറെ പാർട്ടി

യിൽനിന്നു പുറത്താക്കിയിരിക്കുന്നു. അപകടത്തിനു് ഉത്തരവാദികളായ വ്യക്തികളുടെ പേരിൽ ക്രിമിനൽ നടപടികൾ എടുത്തു തുടങ്ങിയിട്ടുണ്ടു്.

'സർക്കാർ കൈക്കൊണ്ട നടപടികളുടെ ഫലമായി വൈദ്യുതീനിലയത്തിലും ചുററുപാടിലും സ്ഥിതി വളരെ വേഗം അടിസ്ഥാനപരമായി മെച്ചപ്പെട്ടു. കേടുവന്ന റിയാക്ടർ വിശ്വാസയോഗ്യമാംവിധം നിയന്ത്രിക്കപ്പെട്ടുവരുന്നു. അതിൽനിന്നു് ഇനി ആപത്തു ഭയപ്പെടാനില്ല.

'അണുപ്രസരണം അളവിൽ കവിഞ്ഞു വർദ്ധിച്ച സ്ഥലങ്ങളിൽ അതിന്റെ തോതു ഗണ്യമായി കുറഞ്ഞിരിക്കുന്നു. ചെർണോബില്ലിലും അതിനടുത്തുള്ള ഏതാനും പ്രദേശങ്ങളിലും മാത്രമേ അണുപ്രസരണത്തോതു് ഇപ്പോൾ, അനുവദിക്കാവുന്നതിൽ അധികമുള്ളു.

'ആ പ്രദേശത്തെ വെള്ളം ദുഷിക്കാതിരിക്കാൻ വിശ്വാസയോഗ്യമായ സംരക്ഷണനടപടികൾ ഉറപ്പുവരുത്തിക്കൊണ്ടിരിക്കുന്നു.

'ചെർണോബിൽ അപകടത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനുള്ള ഫണ്ടിലേക്കു് സോവിയററു് പൗരന്മാർ നാല്പതുകോടി റൂബിൾ സംഭാവനചെയ്തിട്ടുണ്ടു്.

'അണുവൈദ്യുതീനിലയങ്ങളിൽ സുരക്ഷ ഉറപ്പു വരുത്താനും, എല്ലാതലങ്ങളിലും സാങ്കേതിക അച്ചടക്കം ശക്തിപ്പെടുത്താനും, റിയാക്ടറുകളുടെ പ്രവർത്തനം സംബന്ധിച്ച നിയമങ്ങൾ കർശനമായി അനുസരിക്കുന്നതിൽ ഉദ്യോഗസ്ഥർക്കുള്ള ഉത്തരവാദിത്തം വർദ്ധിപ്പിക്കാനും കൂടുതൽ വ്യവസ്ഥകൾ രൂപവല്ക്കരിക്കുകയും നടപ്പിൽവരുത്തുകയുംചെയ്യും.

'സോവിയററു് യൂണിയനു മുഴുവനുമായി ഒരു അണുവൈദ്യുതീ എൻജിനീയറിങ്ങ് മന്ത്രാലയം സൃഷ്ടിച്ചിരിക്കുന്നു.

'അണുവൈദ്യുതീനിലയങ്ങളിലെ തൊഴിലാളികളുടെ വിദ്യാഭ്യാസം ഉയർത്തുന്നതിനും അണുവൈദ്യുതീനിലയപ്രവർത്തനം സുരക്ഷിതമാണെന്നു് ഉറപ്പുവരുത്തുന്നതിനുമായി, അവയിലെ പാർട്ടിഘടകങ്ങളിൽ കേന്ദ്രക്കമ്മിററി നേരിട്ടു സംഘാടകരെ നിയമിക്കുന്നതാണു്.

'അണുവൈദ്യുതീനിലയങ്ങളിൽ പ്രവർത്തനം തകരാറിലാവുന്നതു് ഒഴിവാക്കാനും, ഏതെങ്കിലും തരത്തിലുള്ള അണുഭീകരപ്രവർത്തനം (ന്യൂക്ലിയർ ടെററിസം) തടയുന്നതിനുമായി വിശാലമായ അന്താരാഷ്ട്രീയ സഹകരണം ആവശ്യമാണെന്നു് പോളിററു് ബ്യൂറോ ഊന്നിപ്പറഞ്ഞു. അതോടൊപ്പം, ഈ ശതകത്തിന്റെ അവസാനമാവുമ്പോഴേക്കു ലോകത്തിൽ അണുആയുധങ്ങൾ ഇല്ലാതാക്കുന്നതിനുള്ള പരിപാടി സാക്ഷാല്ക്കരിക്കാൻ സോവിയററു് യൂണിയൻ ഉറച്ചിരിക്കുകയുമാണു്.'

ചെർണോബില്ലിലെ അനുഭവത്തിൽനിന്നു് കേരളത്തിലെ മന്ത്രിമാരായ ബാലകൃഷ്ണപിള്ളയ്ക്കോ, തച്ചടിപ്രഭാകരനോ ഒരു പാഠവും പഠിക്കാനില്ലായിരിക്കാം. പക്ഷേ, കേരളത്തിലെ സാധാരണജനങ്ങൾക്കു്, നിങ്ങൾക്കും എനിക്കും, ഈ അനുഭവത്തിൽനിന്നു് ഒട്ടേറെ പാഠങ്ങൾ പഠിക്കാനുണ്ടു്. അവ നാം പഠിക്കണം; നമ്മുടെ ഭാവിപ്രവർത്തനത്തിൽ ഈ പാഠങ്ങൾ സ്വാധീനം ചെലുത്തുകയും വേണം.

ഇന്ത്യയിലെ അണുവൈദ്യുതീരംഗത്തിൽ ഇന്നു നിലവിലുള്ള സംവിധാനത്തിനു കീഴിൽ കേരളത്തിൽ ഒരു അണു വൈദ്യുതീനിലയം സ്ഥാപിക്കാനുള്ള ശ്രമങ്ങളെ കേരളീയർ, പാർട്ടിഭേദമോ, താല്പര്യഭേദമോ കണക്കിലെടുക്കാതെ, ഒററക്കെട്ടായി ചെറുക്കുകതന്നെ വേണം. ജീവിക്കണമോ, മരിക്കണമോ എന്നതാണു് ഇവിടെ പ്രശ്നം.

(6 ആഗസ്റ്റ്, 1986)